# Malayala Manorama

## 19 August 2018

## Thiruvananthapuram, Rainfall Will Decrease, Red Alert Withdrawn



**മഴ കുറയും; റെഡ് അലർട്ട് പിൻവലിച്ചു**

തിരുവനന്തപുരം • മഴയുടെ ശക്തി ഇന്നുമുതൽ കുറയുമെന്നു കാലാവസ്ഥാനിരീക്ഷണ കേന്ദ്രം. അതീവജാഗ്രതാനിർദേശം (റെഡ് അലർട്ട്) പിൻവലിച്ചു. എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ചിലയിടങ്ങളിൽ ഇന്നു ശക്തമായ മഴയ്ക്കു സാധ്യത. മൂന്നു ജില്ലകളിലും ജാഗ്രതാനിർദേശമുണ്ട് (ഓറഞ്ച് അലർട്ട്). ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ മഴ ലഭിക്കും. ഇന്നു പരമാവധി 11 സെന്റീമീറ്റർ വരെ മഴയ്ക്കാണു സാധ്യതയെന്നു കാലാവസ്ഥാകേന്ദ്രം ഡയറക്ടർ ഡോ. കെ. സന്തോഷ് പറഞ്ഞു.